പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2904.

02.04.2013 ൽ മറുപടിക്ക്

**ഗ്യാസ് സിലിണ്ടറുകൾ യഥാസമയം വീടുകളിൽ എത്തിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹിദ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഗ്യാസ് സിലിണ്ടറുകൾ തലസ്ഥാന ജില്ലയുടെ പലഭാഗങ്ങളിലും ഒന്നിച്ച് ചങ്ങലയിൽ ബന്ധിച്ച് റോഡരികിൽ വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഹോം ഡെലിവറിയും ബില്ലും ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് യഥാസമയം റീഫിൽ നല്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഏജൻസികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; പരാതിപ്പെടുന്ന ഉപഭോക്താക്കളെ ഏജൻസിതന്നെ മാറാൻ നിർദേശിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പീഡിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇത്തരം ഒരു പരാതി സർക്കാരിൽ ലഭിക്കുകയും അതിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) റീഫിൽ ബുക്ക്ചെയ്താൽ യഥാ സമയം വീടുകളിൽ എത്തിക്കുന്ന തിന് നടപടി സ്വീകരിക്കുമോ ; | (ഡി) ഡെലിവറി വാഹനങ്ങൾ എത്തിപ്പെടുവാൻ ബുദ്ധിമുട്ടുള്ള മലമ്പ്രദേശങ്ങൾ, വീതികുറഞ്ഞ ഇടവഴികൾ, കുത്തനെയുള്ള കയറ്റങ്ങൾ എന്നിവയുള്ള സ്ഥലങ്ങളിൽ ഉപഭോക്താവിന്റെ വീടിന് ഏറ്റവുമടുത്തുള്ള സ്ഥലത്ത് റീഫിൽ സിലിണ്ടറുകൾ എത്തിക്കുന്നു. മറ്റുള്ള സ്ഥലങ്ങളിൽ എല്ലാം റീഫിൽ സിലിണ്ടറുകൾ വീടുകളിൽ എത്തിക്കുന്നു എന്ന് വിതരണ ഏജൻസികൾ ഉറപ്പുവരുത്തേണ്ടതാണ്. റീഫിൽ ബുക്ക് ചെയ്താൽ യഥാ സമയം വീടുകളിൽ ലഭിക്കാത്തതായി പരാതി ലഭിച്ചാൽ ആയത് അന്വേഷണ വിധേയമാക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ഇ) റീഫിൽ യഥാസമയം നൽകാത്ത ഏജൻസികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്? | (ഇ) റീഫിൽ യഥാസമയം നൽകാത്ത ഏജൻസികൾക്കെതിരെ എൽ.പി.ജി ( റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 പ്രകാരം നടപടികൾ സ്വീകരിക്കുന്നു. പരാതി ലഭിയ്ക്കുന്ന ഗ്യാസ് ഏജൻസികൾ പരിശോധനയ്ക്ക് വിധേയമാക്കുകയും റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. ഇതുകൂടാതെ 2001 ലെ മാർക്കറ്റിംഗ് ഗൈഡ്‌ലൈൻസ് പ്രകാരവും ഡിസ്ട്രിബ്യൂഷൻ എഗ്രിമെന്റ് പ്രകാരവും എണ്ണക്കമ്പനികളും നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ